മേൽച്ചിറ നന്നാക്കലും തോടുവെട്ടും.

103. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൃഷി വികസനത്തിനു് എത്രയെല്ലാം മേൽച്ചിറ നന്നാക്കുവാനും എത്രയെല്ലാം തോടുവെട്ടുവാനും വേണ്ട മേൽനടപടി സ്വീകരിക്കുന്നതിനു് ശ്രീരനാട് വടക്കേപഞ്ചായത്തിൽനിന്നും കൊല്ലം ഇറിഗേഷൻ എക്സിക്യൂട്ടീവു് ഇഞ്ചിനീയർക്കു് അപേക്ഷ കിട്ടിയിട്ടുണ്ടു് ;

(ബി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) നെടിയപാടം ഏലായിലേയും കൊഴകട ഏലായിലേയും തോടുകളും നന്നാക്കുന്നതിനുള്ള പ്രമേയങ്ങളും ലഭിച്ചിട്ടുണ്ടു്.

(ബി) ഡിസ്ട്രിക്റ്റു് ഡവലപ്പുമെന്റു് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം സാങ്കേതിക പരിമിതികളുടെ വിധേയമായ ജോലി നടത്തുന്നതാണു്.

ഇറിഗേഷൻ വർക്കുകൾ.

104. [5] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1964-1965-ൽ കൃഷി വികസനത്തിനു് എത്രയെല്ലാം ഇറിഗേഷൻ വർക്കുകളുടെ എസ്റ്റിമേറ്റുകളും എടുക്കണമെന്നും മേൽനടപടി സ്വീകരിക്കുന്നതിനും വേണ്ടി പ്രമേയം പാസ്സാക്കി കൊല്ലം ഇറിഗേഷൻ എക്സിക്യൂട്ടീവു്; ഇഞ്ചിനീയർക്കു് ശ്രീരനാട് വടക്കു പഞ്ചായത്തിൽനിന്നും 1964 ജനുവരി 1-ാം തീയതിക്കുശേഷം 1964 ഫെബ്രുവരി 15-ാം തീയതിക്കകം കിട്ടിയിട്ടുണ്ടു്.

(ബി) അതിന്മേൽ എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു് ?

ഉത്തരം.

(എ) നെടിയ പാടം ഏലായിലേയും കൊഴകട ഏലായിലേയും തോടുകളും നന്നാക്കുന്നതിനുള്ള പ്രമേയങ്ങളും ലഭിച്ചിട്ടുണ്ടു്.

(ബി) ഡിസ്ട്രിക്റ്റു് ഡവലപ്പുമെന്റു കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷം സാമ്പത്തിക പരിമിതികളുടെ വിധേയമായ ജോലി നടത്തുന്നതാണു്.

കോവാപ്പറേറ്റീവു് മാർക്കറ്റിംഗ്സൊസൈറ്റികൾ അനുവദിച്ച സബ്സിഡി.

105. [10] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) പാലക്കാട്ജില്ലയിലെ മണ്ണാർക്കാട്ടു് കോവാപ്പറേറ്റീവു്മാർക്കറ്റിംഗ് സൊസൈറ്റികൾ അട്ടപ്പാടി ജനങ്ങളുടെ അഭിവൃദ്ധി ശ്രദ്ധിക്കുവാനായി സബ്സിഡി എന്ന നിലയിൽ ഒരു ജീപ്പിനു സംഖ്യ അനുവദിച്ചിരുന്നുവോ ;

(ബി) ഈ ജീപ്പു് മടക്കിത്തരണമെന്നു് ഗവണ്മെന്റു് കല്പന അയച്ചിട്ടുണ്ടോ ;

(സി) ഒരു സഹകരണ സംഘത്തിനു ഗവണ്മെന്റു സബ്സിഡിയായി കൊടുത്ത സംഖ്യ തിരിച്ചുവാങ്ങുന്നതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അട്ടപ്പാടിയിലെ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഒരു പഞ്ചവത്സരപദ്ധതിയുണ്ടായിരുന്നു. ആ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു് ഒരു ജീപ്പു് അത്യാവശ്യമാണെന്നു കണ്ടതുകൊണ്ടുമാത്രമാണു് ജീപ്പു വാങ്ങാൻ കൃപാ ഗവണ്മെന്റു അനുവദിച്ചതു്. സൊസൈറ്റി ജീപ്പു് വാങ്ങിച്ചെങ്കിലും ഡ്രൈവറുടെ ശമ്പളവും ജീപ്പിന്റെ കേടുപാടുകളും തീർക്കുന്നതിനുള്ള ചിലവും ഗവണ്മെന്റു സബ്സിഡിയായി സൊസൈറ്റിക്കു് കൊടുത്തുകൊണ്ടിരുന്നു. പദ്ധതിയുടെ കാലാവധി അവസാനിച്ചപ്പോൾ ജീപ്പു് എന്താവശ്യത്തിനു് സൊസൈറ്റിക്കു് കൊടുത്തുവോ ആ ആവശ്യം ഇല്ലാതെ വന്നു. അപ്പോൾ സ്വാഭാവികമായിട്ടും ജീപ്പു് ഗവണ്മെന്റിനു് തിരികെ കൊടുക്കേണ്ടതാണു്. ഈ കാരണംകൊണ്ടാണു് ജീപ്പു് തിരിയെ ഗവണ്മെന്റിനു നൽകണമെന്നു ആവശ്യപ്പെട്ടതു്.

Fair price shops in plantation area of Devicolam Taluk

106. [11] ശ്രീ. ടി. മുരുകേശൻ: കിഴ് കാണും ചോദ്യങ്ങൾക്കു ഉണവു മന്ത്രി അവർകൾ വിടെ പകർവാർക്കളാക:

(എ) തേവികുളം താലുകാവിൽ പിളാന്റേഷൻ ഏരിയാവിലുൾപ്പട്ട സിട്ടിവരൈ എസ്റ്റേട്ട്, ചെണ്ടവരൈ എസ്റ്റേട്ട്, എല്ലപ്പട്ടി എസ്റ്റേട്ട് ആകിയ ഇന്ത മൂന്റു ഇടങ്കളിലും എന്ത വരുഷത്തിലിരുന്തു നിയായവിലൈ കടൈ തിറുത്തപ്പട്ടിരുക്കിറതു;

(ബി) നിയായവിലൈക്കടൈകൾ അനുമതിക്കാമലിരുപ്പതറ്കുക് കാരണങ്കൾ കൂറുവതുടൻ ഇന്ത മൂന്റു ഇടങ്കളിലുമുള്ള ജനത്തൊകൈ എവ്വളവു എൻപതൈ പിരത്തിയേകമാകക് കൂറലാമാ;

(സി) ഇനിയാവതു ഉടനടിയാക നിയായവിലൈ കടൈ അനുമതിത്തു കൊടുപ്പതറ്കു നടവടിക്കൈ എടുക്കപ്പടുമാ?

വിടൈ

(എ) തകവൽ ശേകരിക്കപ്പട്ടുവരുകിറതു.

(ബി) ഇവ്വിടങ്കളിൽ നിയായവിലൈക് കടൈകൾ തിറക്കപ്പടും പ്രശ്നമേ പരിശീലനയിലിരുക്കിറതു. ജനത്തൊകൈ കണക്കുകൾ ഉടനടി കിടൈക്കപ്പെറവില്ലൈ.

(സി) (ബി)-കേൾവിയിൻ വിടൈയിൻ കാരണമാക ഇക്കേൾവിക്കു ഇടമില്ലൈ.

CALLING ATTENTION UNDER RULE 61:

(i) Amendment to Kerala Panchayat Rules relating to the execution of works.

Mr. Speaker: I have received a notice under Rule 61 from Smt. Kusumom; I call upon the Member to make a statement.

Smt. Kusumom Sir, I wish to bring to the notice of the Minister for Industries and Local Administration a matter of urgent public importance. According to Rules 10, 12 and 14 of the

LIBRARY ARCHIVES Kerala Legislative Assembly